# NEDUMANGAD BLOCPANCHAYATH

**An ISO 9001:2015 Block Panchayath**

**Sustainable**

**Agricultural**

**Management and**

**Rural**

**Development**

**Initiative**

സമൃദ്ധി

SAMRUDI

നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത്



നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത്
ജൈവ ഗ്രാമം
ഹരിത കേരള മിഷൻ
ജൈവകൃഷി പരിശീലന സേവന കേന്ദ്രം
ജൈവ ഗ്രാമം
മണ്ണിന്റേയും മനുഷ്യന്റേയും
ആയുസിനായി

”മണ്ണിന്റേയും മനുഷ്യന്റേയും ആയുസ്സിനായ് ജൈവഗ്രാമം” എന്ന സന്ദേശമുയർത്തി 2015 ഡിസംബറിൽ ബ്ളോക്ക് പഞ്ചായത്ത് ഭരണസമിതി അംഗങ്ങളും ജീവനക്കാരും മൂലധനമായി നാലേകാൽ ലക്ഷം രൂപ സ്വയം നിക്ഷേപിച്ച്, ബ്ളോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 3 ഏക്കർ ഭൂമി (കാടുപടലങ്ങൾകൊണ്ടും മാലിന്യ നിക്ഷേപം കൊണ്ടും സാമൂഹ്യവിരുദ്ധ ശല്യം കൊണ്ടും പൊതുജനങ്ങൾക്ക് പൊറുതിമുട്ടിയിരുന്ന പ്രദേശം) ജൈവ കൃഷിക്കായ് ഒരുക്കി തുടക്കം കുറിച്ചു





നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തിൽ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി **ജൈവകൃഷി പരിശീലന സേവന കേന്ദ്രം** **(ജൈവഗ്രാമം)** (പ്രോജക്ട് നമ്പർ 90/17) എന്ന പ്രോജക്ട് 2,93,400/- രൂപ ചിലവഴിച്ച് പദ്ധതി ആരംഭിച്ചു. തുടർന്ന് 2017-18 സാമ്പത്തിക വർഷത്തിൽ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനായി പദ്ധതി വിഹിതത്തിൽ നിന്നും 26,97,000/- രൂപ ചിലവഴിച്ച് ജൈവഗ്രാമം വിപുലീകരിച്ചു.

ബ്ളോക്ക് പഞ്ചായത്ത് അംഗങ്ങൾ ആഴ്ചയിൽ നിശ്ചിത ദിവസം നടീൽ വസ്തുക്കൾക്ക് വെള്ളമൊഴിച്ചു. ഭ്രാന്തൻ ചിന്തയെന്ന് മുൻവിധി കല്പിച്ച് മാറി നിന്നവരെ അത്ഭുതപ്പെടുത്തി കൃഷി വകുപ്പ് **മന്ത്രി. ശ്രീ. വി.എസ്.സുനിൽകുമാർ** വിളവെടുപ്പ് നടത്തി ഉത്ഘാടനം ചെയ്തു. തുടർന്ന് കഴിഞ്ഞ നാല് വർഷക്കാലമായി ജൈവകൃഷി ചെയ്തുവരുന്നു.

2017 ൽ **'ജൈവകൃഷി പരിശീലന സേവന കേന്ദ്രം'** എന്ന ഒരു സ്ഥാപനം ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്തു. ജൈവകൃഷി പരിശീലനസേവന കേന്ദ്രത്തിൽ 389 ജൈവ ഗ്രൂപ്പ് (കുറഞ്ഞത് 10 പേർ ഒരു ഗ്രൂപ്പിൽ) രജിസ്റ്റർ ചെയ്ത് അവർക്കാവശ്യമായ തുടർ പരിശീലനവും സൗജന്യ നടീൽ വസ്തുക്കളും ജൈവ വളവും ആദ്യ വർഷങ്ങളിൽ നൽകി.

ജൈവഗ്രാമവും ജൈവകൃഷി പരിശീലനകേന്ദ്രവും സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്കിനും താഴെ ജൈവരീതിയിൽ പരിപാലിച്ച നടീൽ വസ്തുക്കൾ ടി സ്ഥാപനത്തിൽ പ്രവർത്തിക്കുന്ന അംഗീകൃത നഴ്സറി വഴി വിതരണം ചെയ്തു വരുന്നു. ജൈവ കീട നിയന്ത്രണ മിശ്രിതങ്ങളായ വൃക്ഷആയുർവേദം ഉൾപ്പെടെ ഇവിടെതന്നെ തയ്യാറാക്കി ആവശ്യക്കാർക്ക് നൽകുന്നു. കൂടാതെ 50 ഏക്കർ ഭൂമി പാട്ടത്തെടുത്ത് മികച്ച രീതിയിൽ കൃഷി ചെയ്ത് വരുന്നു.




























നെടുമങ്ങാട്
ബ്ലോക്ക് പഞ്ചായത്ത്

•ജൈവകൃഷി പരിശീലന സേവന കേന്ദ്രം വഴി 24830 പേർക്ക് ജൈവ കൃഷി പരിശീലനം നൽകുകയും ബ്ലോക്ക് ജനസംഖ്യയുടെ പകുതി കുടുംബങ്ങളിൽ ജൈവകൃഷി പരിപാലനത്തെ സംബന്ധിച്ച അപബോധം നൽകാനും കഴിഞ്ഞു.

•സ്ഥിരമായി നിശ്ചിതവരുമാനത്തിൽ പതിനേഴ് തൊഴിലാളികൾക്കും പ്രതിവർഷം മറ്റ് പ്രവർത്തികളിലൂടെ എഴുപതിലേറെ തൊഴിലാളികൾക്കും ജോലികൊടുക്കുവാൻ കഴിയുന്ന സ്ഥാപനമായി മാറ്റുവാൻ കഴിഞ്ഞു.

•ബ്ളോക്ക് പഞ്ചായത്തിന്റെ ആസ്തി വർദ്ധിപ്പിക്കുക കൂടി സംഘത്തിന്റെ ലക്ഷ്യമായതിനാൽ ബൈലാപ്രകാരം ലാഭത്തിന്റെ രണ്ട് ലക്ഷം രൂപവരെ തുടർ കൃഷിയ്ക്കായ് മാറ്റി വെച്ചു. ബാക്കി തുക ബ്ളോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് വകയിരുത്തണം. 31.3.2018 ലെ ബാലൻസ് ഷീറ്റ് പ്രകാരം 376896.35 പൈസ ലാഭമുണ്ടാക്കുവാൻ കഴിഞ്ഞു. അതിൽ 1,76,897/- രൂപ ബ്ളോക്കിന്റെ പേരിൽ സ്ഥിരം നിക്ഷേപമായി കൈമാറി

ഇതിനോടകം തന്നെ ജൈവകൃഷിയിലൂടെ ആദ്യഘട്ടത്തിൽ ജീവനക്കാരും ജനപ്രതി നിധികളും നിക്ഷേപിച്ച 4 1/4 ലക്ഷം രൂപയും തിരികെ നൽകി.

- നടീൽ വസ്തുക്കൾ, ജൈവവളം, ജൈവകീടനാശിനി മിശ്രിതം തുടങ്ങിയവയുടെ വിതരണ രംഗത്ത് നിലനിൽക്കുന്ന സ്വകാര്യ ഏജൻസികളാലുണ്ടായ അരാജകത്വം അവസാനിപ്പിക്കുവാൻ കഴിഞ്ഞു. സർക്കാർ അംഗീകാരമുള്ള നഴ്സറി എന്ന നിലയിൽ സർക്കാർ പദ്ധതികൾ ഏറെ ഉത്തരവാദിത്വത്തോടെ ചെയ്യുവാൻ ഈ സ്ഥാപനത്തിന് കഴിയുന്നുണ്ട്.

# ജൈവഗ്രാമത്തിൽ ജൈവ വളവും ജൈവകീടനാശിനിയും ഉത്പാദിപ്പിക്കുന്നു








വിള ആരോഗ്യ പരിപാലന പദ്ധതി 2017-18























നടീൽ വസ്തുക്കൾ, ജൈവവളം, ജൈവകീടനാശിനി മിശ്രിതം തുടങ്ങിയവയുടെ വിതരണ രംഗത്ത് നില നിൽക്കുന്ന സ്വകാര്യ ഏജൻസികളാലുണ്ടായ അരാജക ത്വം അവസാനിപ്പിക്കുവാൻ കഴിഞ്ഞു. സർക്കാർ അംഗീകാരമുള്ള നഴ്സറി എന്ന നിലയിൽ സർക്കാർ പദ്ധ തികൾ ഏറെ ഉത്തരവാദിത്വത്തോടെ ചെയ്യുവാൻ ഈ സ്ഥാപനത്തിന് കഴിയുന്നുണ്ട്. സംയോജിത കൃഷിയുടെ ഭാഗമായി ജൈവഗ്രാമത്തിൽ 1000 മുട്ടക്കോഴികളെ വളർത്തുന്നതിനാവശ്യമായ ഷെഡും കൂടും 20 ലക്ഷം രൂപ ബാങ്കിൽ നിന്നും വായ്പയെടുത്ത് നിർമ്മിച്ചു. ഇതുവഴി ഉത്പാദിപ്പിച്ച മുട്ടകൾ ന്യായവിലക്ക് പൊതുജനങ്ങൾക്ക് നൽകുന്നു. ഈ യൂണിറ്റ് ലാഭകരമായി പ്രവർത്തിച്ച് വരു ന്നു.

പൊതുജനങ്ങൾക്ക് നല്ലയിനം ആട്ടിൻകുട്ടി കളെ ലഭ്യമാക്കുന്നതിനായി ആട് പ്രജനന യൂണിറ്റ് ആരംഭിച്ചിട്ടുണ്ട്.

ചുരുക്കത്തിൽ ബ്ളോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ജൈവഗ്രാമവും അതിനു ള്ളിൽ പ്രവർത്തിക്കുന്ന ജൈവകൃഷി പരിശീലന സേവനകേന്ദ്രവും നഴ്സറിയും വഴി **നാലര വർഷത്തിനുള്ളിൽ കൈവരിച്ച നേട്ടങ്ങൾ ചുവടെ ചേർക്കുന്നു.**

- ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനുകീഴിൽ ജൈവകൃഷിയെ മാത്രം പ്രോത്സാഹിപ്പിക്കുന്ന സംസ്ഥാനത്തെ ഏക സ്ഥാപനമായി ജൈവഗ്രാമത്തെ മാറ്റുവാൻ കഴിഞ്ഞു.

- ജൈവകൃഷി പരിശീലന സേവന കേന്ദ്രം വഴി 24830 പേർക്ക് ജൈവ കൃഷി പരിശീലനം നൽകുകയും ബ്ലോക്ക് ജനസംഖ്യയുടെ പകുതി കുടുംബങ്ങളിൽ ജൈവകൃഷി പരിപാലനത്തെ സംബന്ധിച്ച അപ ബോധം നൽകാനും കഴിഞ്ഞു.

- തരിശ് കിടന്ന 100 ഏക്കർ സ്ഥലം കൃഷിയോഗ്യമാക്കി ഇതിൽ 50 ഏക്കർ കൃഷി ചെയ്യുന്നതിലാക്കി ഉടമസ്ഥർക്ക് കൈമാറി

- ജൈവകൃഷി ലാഭകരമല്ല എന്ന ചർച്ചക്ക് വിരാമമിടുവാനും സംയോജിത ജൈവകൃഷിയിലൂടെ ഇത് ലാഭകരമാക്കാമെന്ന് തെളിയിക്കുവാൻ കഴി ഞ്ഞു.

ബ്ളോക്ക് പഞ്ചായത്ത് പ്രദേശത്തിലാകെ ജൈവകാർഷിക സംസ്കാര ത്തിന് ബലം നൽകുവാൻ കഴിഞ്ഞു.

സ്ഥിരമായി പതിനേഴ് തൊഴിലാളികൾക്കും പ്രതിവർഷം മറ്റ് പ്രവർത്തിക ളിലൂടെ എൻപതിലേറെതൊഴിലാളികൾക്ക് താൽക്കാലികമായി 150 ദിവ സത്തെ ജോലികൊടുക്കുവാൻ കഴിയുന്ന സ്ഥാപനമായി മാറ്റുവാൻ കഴി ഞ്ഞു.

ബ്ളോക്ക് പഞ്ചായത്തിന്റെ ആസ്തി വർദ്ധിപ്പിക്കുക കൂടി സംഘത്തിന്റെ ലക്ഷ്യമായതിനാൽ ബൈലാപ്രകാരം ലാഭത്തിന്റെ രണ്ട് ലക്ഷം രൂപവരെ തുടർ കൃഷിയ്ക്കായ് മാറ്റി വെച്ചു.

ബാക്കി തുക ബ്ളോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് വകയിരു ത്തണം. 31.3.2018 ലെ ബാലൻസ് ഷീറ്റ് പ്രകാരം 376896.35 പൈസ ലാഭമു ണ്ടാക്കുവാൻ കഴിഞ്ഞു. അതിൽ 1,76,897/- രൂപ ബ്ളോക്കിന്റെ പേരിൽ സ്ഥിരം നിക്ഷേപമായി കൈമാറി. 2018-19ൽ 15,43,000/- (പതിനഞ്ച് ലക്ഷത്തി നാൽപ്പത്തിമൂവായിരം രൂപ) ലാഭമുണ്ടാക്കിയിട്ടുണ്ട്.

പ്രളയകാലത്ത് സാമൂഹ്യ പ്രതിബദ്ധതയോടെ നാടിനും നാട്ടുകാർക്കുമായി പ്രവർത്തിക്കുവാൻ കഴിഞ്ഞു. 31.3.2018 ലെ ലാഭത്തിൽ നിന്നുള്ള നീക്കിയിരിപ്പിൽ നിന്നു **ഒരു ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കും** ചെങ്ങന്നൂർ ബ്ളോക്ക് പഞ്ചായത്ത്, ചെങ്ങന്നൂർ ക്രിസ്ത്യൻ കോളേജ്, പെരുങ്കടവിള തുട ങ്ങിയ ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് **3000 കിലോഗ്രാം ജൈവ ഉല്പന്നങ്ങൾ** സൗജന്യമായി ജൈവഗ്രാമം വഴി എത്തിക്കുവാൻ കഴിഞ്ഞു. 2019 ലെ പ്രളയ കാലത്ത് മല പ്പുറം ജില്ലയിലെ പോത്തുക്കൽ ഗ്രാമപഞ്ചായത്തിലെ ദുരിതാസ്വാസ ക്യാമ്പിൽ **2000 കിലോഗ്രാം പച്ചക്കറികൾ** നേരിട്ട് നൽകാൻ കഴിഞ്ഞു.

# കോവിഡ് 19 കാലത്ത് ജൈവഗ്രാമത്തിന്റെ ഇടപെടൽ

കോവിഡ് കാലത്ത് മുഖ്യമന്ത്രിയുടെ നിർദ്ദേശ പ്രകാരം ബ്ലോക്ക് പരിധിയിലെ 5 ഗ്രാമപഞ്ചായത്തുകളിൽ കുടുംബശ്രീ വഴി 2,00,000 തൈകൾ കുടുംബശ്രീ വഴി വിതരണം ചെയ്യുകയും പുതുതായി 12 ഏക്കർ സ്ഥലത്ത് ജൈവകൃഷി ചെയ്യുന്നതിനുള്ള പ്രവർത്തി ആവർത്തിച്ചിട്ടുണ്ട്. കൂടാതെ 4 ലക്ഷം തൈകൾ ഉത്പാദിപ്പിച്ച് കുറഞ്ഞനിരക്കിൽ സാമൂഹിക, സാംസ്കാരിക, രാഷ്ട്രീയ സംഘടനകൾക്കും, പൊതുജനങ്ങൾക്കും വിതരണം ചെയ്തിട്ടുണ്ട്. വരും ദിവസങ്ങളിൽ 10 ലക്ഷം തൈകൾ ഉത്പാദിപ്പിക്കുന്നതിനുള്ള പ്രവർത്തനം നടന്ന് വരുന്നു.











# പൊതുമേഖലാ സ്ഥാപനങ്ങളുടെ തരിശുഭൂമിയിൽ കൃഷി തുടങ്ങി

**തിരുവനന്തപുരം**

പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ കൈവശമുള്ള തരിശുഭൂമിയിൽ കൃഷിക്ക് തുടക്കമായി. കരകുളത്തെ കെൽട്രോണിൽ പദ്ധതിയുടെ ഉദ്ഘാടനം മന്ത്രി ഇ പി ജയരാജൻ നിർവഹിച്ചു. കാർഷിക ഉൽപ്പാദനം വർധിപ്പിച്ച് ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്താനുള്ള സംസ്ഥാനത്തിന്റെ ശ്രമങ്ങൾക്ക് പിന്തുണ നൽകുന്നതാണ് പദ്ധതിയെന്ന് മന്ത്രി പറഞ്ഞു. പൊതുമേഖലയിലെ 307 ഏക്കർ ഭൂമിയാണ് കൃഷിക്കായി കണ്ടെത്തിയിട്ടുള്ളത്. 36 സ്ഥാപനങ്ങളുടെ കൈവശമുള്ള ഭൂമിയിൽ കൃഷി വകുപ്പ്, തദ്ദേശസ്ഥാപനങ്ങൾ, ഹരിതകേരളം മിഷൻ എന്നിവയുമായി കൈകോർത്താണ് കൃഷി.

നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് ജൈവഗ്രാമവുമായി സഹകരിച്ചാണ് പദ്ധതി നടപ്പാക്കുന്നത്. ചേന, ചേമ്പ്, കാച്ചിൽ, മരച്ചീനി തുടങ്ങിയ കിഴങ്ങുവർഗങ്ങളും വാഴ, മുരിങ്ങ, അഗസ്തി ചീര തുടങ്ങിയ വിളകളും കൃഷി ചെയ്യും. സി ദിവാകരൻ എംഎൽഎ, നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ട



തരിശുനിലകൃഷിയുടെ ഉദ്ഘാടനം മന്ത്രി ഇ പി ജയരാജൻ നിർവഹിക്കുന്നു. സി ദിവാകരൻ എംഎൽഎ സമീപം

റി എസ് സുരേഷ്കുമാർ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ ആന്റണി റോസ്, ഹരിതകേരളം മിഷൻ ജില്ലാ കോ–ഓർഡിനേറ്റർ ഡി ഹുമയൂൺ, ബ്ലോക്ക് മെമ്പർ സുരേഷ്കുമാർ, കെൽട്രോൺ ചെയർമാൻ എൻ നാരായണ മൂർത്തി, എംഡി ടി ആർ ഹേമലത തുടങ്ങിയവർ പങ്കെടുത്തു.


STOP

# അഗ്രിബിസിനസ്സ് ഇൻക്യുബേഷൻ സെന്റർ







ഹരിതകേരള മിഷന്റെ ഭാഗമായി 2017-18 ൽ ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള അരുവിക്കര ഗ്രാമപഞ്ചായത്തിലെ മുണ്ടേലയിൽ ആരംഭിച്ചു. 60 വനിതകൾക്ക് പരിശീലനം കൊടുത്തു . ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ കീഴിൽ ആദ്യമായിട്ടാണ് ജൈവ ഉൽപ്പന്നങ്ങളുടെ മൂല്യ വർദ്ധിത കേന്ദ്രം സ്ഥാപിക്കപ്പെടുന്നത്.

നെടുമങ്ങാട് ബ്ളോക്ക് പഞ്ചായത്ത് 2017-18 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി ബ്ളോക്കിന്റെ അധീനതയിൽ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ഒരു പദ്ധതിയാണ് അഗ്രി ബിസിനസ്സ് ഇൻക്യുബേഷൻ സെന്റർ എന്ന കാർഷിക ഉത്പന്ന നിർമ്മാണ പരിശീലന സേവന കേന്ദ്രം.

ബ്ളോക്ക് പ്രദേശത്തും സമീപ പ്രദേശങ്ങളിലും ലഭിക്കുന്ന വിവിധ ഇനം കാർഷിക വിഭവങ്ങളായ ചക്ക, വാഴപ്പഴം, കൈതച്ചക്ക, നാളികേരം വിവിധ ഇനം പച്ചക്കറികൾ എന്നിവ മൂല്യവർദ്ധനവ് നടത്തുന്നതിനുള്ള പരിശീലനത്തോടൊപ്പം പരിശീലനാർത്ഥികൾക്ക്

തുടർന്നുള്ള വിവിധ തരം ഹാർഡ് ഹോൾഡിംഗ് സേവനങ്ങൾ നൽകി അവരെ സംരംഭക മേഖലയിലേയ്ക്ക് നയിക്കുക എന്നതാണ് പ്രധാനമായും ഈ കേന്ദ്രം കൊണ്ട് ഉദ്ദേശിക്കുന്നത്.

• സമൃദ്ധി' എന്ന ബ്രാന്റോടെ മൂല്യവർദ്ധിതി ഉല്പന്നങ്ങൾ വിപണിയിലെത്തി¨ നാടിനെ സ്വയം പര്യാപ്തതയിലേക്ക് നയിക്കുന്നു.

• ജൈവ കാർഷിക ഉത്പന്നങ്ങളെ ജൈവഗ്രാമം വഴി ശേഖരിച് മൂല്യവർദ്ധനവ് നടത്തി

• ശുദ്ധമായ ഉല്പന്നം നാട്ടിൽതന്നെ വിതരണം ചെയുന്നു.

# Incubation centre for agribusiness

TIMES NEWS NETWORK



**Thiruvananthapuram:** The first agribusiness incubation centre in the district will be functional at Mundela, Aruvikkara panchayat in October.

In the first stage women aged between 18 and 50 will be trained, said Nedumangadu block panchayat president B Biju. The second phase will involve everyone, he added.

The centre is being set up at a cost of Rs 24 lakh. The installation of equipment and machines was done at a cost of Rs 20 lakh and two-week training for 60 women will be done at a cost of Rs 4 lakh.

The incubation centre is being set up as part of sustainable agriculture management and rural development initiative (SAMRUDI) scheme being undertaken by the panchayat.

The scheme integrates various aspects of farming, mostly focused on organic farming, and with the incubation centre the scheme aims to tap the business potential. The products from the incubation centre will be marketed under Samrudi Brand.

As a beginning, orders have been placed only for primary machinery required to make products out of coconut, banana, jackfruit, pineapple and plantains.

**The incubation centre is being set up as part of sustainable agriculture management and rural development initiative (SAMRUDI) scheme being undertaken by Aruvikkara panchayat**

One of the key features of the centre would be that it would encourage farmers to take up risk-averse business initiatives. The centre will facilitate tie-ups with banks to provide loans for the farmers who want to take up any business ventures using the products they make.

The training and experience garnered from the incubation centre will come handy for availing subsidies from various agencies like the department of industries, women's development corporation, khadi-village industries commission and so on.

The incubation centre will train selected people from five grama panchayats under Nedumangadu block panchayat. The centre will integrate with self-employment schemes of various departments and agencies of government and various benefits like subsidies will be made available to the women trainees. The centre will also function as a raw material bank by forming micro clusters.






പരിശീലന പരിപാടി


പരിശീലന പരിപാടി





# നന്ദി.........